# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ഓപ്പറേഷൻ കുബേര</u>

142 ശ്രീ. എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആർ.ബി.ഐ. ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി ക്രൈം സ്റ്റോപ്പർ മാതൃകയിൽ സംവിധാനം ഏർപ്പെടുത്തുമോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ഓപ്പറേഷൻ കുബേര</u>

143 ശ്രീ. എ.റ്റി. ജോർജ്
,, വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ 'ഓപ്പറേഷൻ കുബേര' എന്ന സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) അനധികൃത പണമിടപാടു സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്: വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ഓപ്പറേഷൻ കുബേര

144 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ അമിതപലിശക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ ഇടയാക്കിയ സാഹചര്യങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിനോടനുബന്ധിച്ച് എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) അമിതപ്പലിശക്കാർ ബലം പ്രയോഗിച്ചും ഭീഷണിപ്പെടുത്തിയും തട്ടിയെടുത്ത ഭൂമിയും, വാസസ്ഥലങ്ങളുൾപ്പെടെയുളള വസ്തുവകകളും ഉടമകൾക്ക് തിരിച്ചുനൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്കെതിരെ ഓപ്പറേഷൻ കുബേര പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ഓപ്പറേഷൻ കുബേര</u>

145 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര നടപടിപ്രകാരം എത്ര ബ്ലേഡ് സ്ഥാപനങ്ങൾക്കെതിരെയും വ്യക്തികൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നടപടിയെടുത്ത് അടച്ചുപൂട്ടിയ ഇത്തരം അനധികൃത ധനകാര്യ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരം ജില്ല തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>'ഓപ്പറേഷൻ കുബേര'</u>

146 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ കൊളളപ്പലിശക്കെതിരെ നടത്തിയ റെയ്ഡിനെ തുടർന്ന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തി എന്നിവ വിശദമാക്കുമോ;

(ബി) അനധികൃത പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്നവരെ ഗുണ്ടാപട്ടികയിൽ ഉൾപ്പെടുത്തി കേസ്സ് എടുക്കുന്നതിന് നിർദ്ദേശം നൽകുമോ;

(സി) പോലീസ് സേനയിലെ ആർക്കെങ്കിലും ഇത്തരം സംഘങ്ങളോട് ബന്ധമുണ്ടെന്ന് തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ഓപ്പറേഷൻ കുബേര</u>

147 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "ഓപ്പറേഷൻ കുബേര" പ്രകാരം എത്ര കേസ്സുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പോലീസ് സേനയുടെ വിജിലൻസ് സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തുടനീളം ഉള്ള ബ്ലേഡ് മാഫിയയെ കണ്ടെത്തുന്നതിനും അവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പോലീസിലെ ചില ഉന്നത ഉദ്യോഗസ്ഥന്മാരടക്കം ബ്ലേഡ് മാഫിയയ്ക്ക് ഒത്താശ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.06.2014–ലെ മറുപടിക്ക്

<u>ഓപ്പറേഷൻ കുബേര</u>

148 ശ്രീ. പി. തിലോത്തമൻ
,, കെ. രാജു
,, മുല്ലക്കര രത്നാകരൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര ആരംഭിച്ചതെന്നുമുതലാണ്, ഇതിനകം എത്ര റെയ്ഡുകൾ നടത്തി, എത്രപേരെ കസ്റ്റഡിയിലെടുത്തു, എത്ര പേരെ അറസ്റ്റ് ചെയ്തു കേസ് ചാർജ്ജ് ചെയ്തു എന്നിവ വിശദമാക്കാമോ;

(ബി) എന്തെല്ലാം രേഖകളാണ് അമിത പലിശക്കാരിൽ നിന്നും കണ്ടെടുത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) അമിത പലിശക്കാരുടെ ഭീഷണിയെത്തുടർന്ന് എത്ര പേർ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ഓപ്പറേഷൻ കുബേര</u>

149 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കാനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു: എത്രപേരെ അറസ്റ്റ് ചെയ്തു: ഇവരിൽനിന്നും എന്ത് തുക പിടിച്ചെടുത്തു: വ്യക്തമാക്കുമോ;

(ബി) ഇവരെ നിയന്ത്രിക്കാനായി നടപ്പിലാക്കിയ 'ഓപ്പറേഷൻ കുബേര' പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 'ഓപ്പറേഷൻ കുബേര'യുടെ ബ്ലേഡ് മാഫിയ വേട്ടയുടെ ഭാഗമായി നാളിതുവരെ എത്ര പരാതികൾ/ ഓൺലൈൻ/ഫോൺ സന്ദേശം മുഖേന ലഭിക്കുകയുണ്ടായി;

(ഡി) പ്രസ്തുത പരാതികൾ അന്വേഷിച്ച് നടപടികളെടുക്കാൻ ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്;

(ഇ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ബ്ലേഡ് മാഫിയയുടെ അതിക്രമങ്ങൾക്കുവിധേയമായി മരണപ്പെട്ടവർ എത്ര; വീടും സ്ഥലവും നഷ്ടപ്പെട്ടവർ എത്ര: ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പോലീസ്/റവന്യൂ/മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ കണ്ടെത്താൻ എന്ത് നടപടികൾ സ്വീകരിച്ചു;

(ജി) ഇപ്രകാരം നാളിതുവരെ കണ്ടെത്തിയ പോലീസ് ഉൾപ്പെടെയുള്ള മറ്റ് ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ഓപ്പറേഷൻ കുബേര

150

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കിത്തുടങ്ങിയിട്ടുള്ള ഓപ്പറേഷൻ കുബേര മൂലം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര പോലീസ് ഉദ്യോഗസ്ഥന്മാർ പ്രതികളാക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ഓപ്പറേഷൻ കുബേര പ്രകാരമുള്ള അറസ്റ്റ്

151 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ കുബേര' യുടെ പ്രവർത്തനത്തിന്റെ ഭാഗമായി എത്രപേരെയാണ് ഇതുവരെയായി അറസ്റ്റ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അറസ്റ്റ് ചെയ്തവരിൽ എത്ര പോലീസുകാരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ;

(ഡി) വൻകിട കൊള്ളപലിശക്കാരെ ആരെയും പിടികൂടിയിട്ടില്ലെന്ന പത്ര വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) 'ഓപ്പറേഷൻ കുബേര'യുടെ ഭാഗമായി അറസ്റ്റ് ചെയ്ത വൻകിടക്കാരുടെ പേരുവിവരം വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>ഓപ്പറേഷൻ കുബേര</u>

152 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേരയിൽ നിന്നും വൻകിട ബ്ലേഡ് കമ്പനികളെ ഒഴിവാക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓപ്പറേഷൻ കുബേരയിലൂടെ 5 കോടിയ്ക്ക് മുകളിൽ ആസ്തിയുള്ള എത്ര കമ്പനി/സ്ഥാപനം/വ്യക്തികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇത്തരം ബ്ലേഡ് മാഫിയകൾക്ക് പോലീസിലെ ചില ഉദ്യോഗസ്ഥർ വഴിവിട്ട സഹായം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ഓപ്പറേഷൻ കുബേര

153 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയകൾക്കെതിരെ നടത്തുന്ന ഓപ്പറേഷൻ കുബേരയിൽ ഇതുവരെ എത്ര പേർക്കെതിരെ കേസ്സ് എടുത്തെന്നു പറയാമോ ;

(ബി) നിയമവിരുദ്ധമായി പണം പലിശയ്ക്കു നൽകുന്നയാളുകളിൽ നിന്നും എന്തെല്ലാം രേഖകളാണ് തെളിവായി പിടിച്ചെടുത്തിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(സി) ഇവർക്കെതിരെ ശേഖരിച്ചിട്ടുള്ള പ്രസ്തുത തെളിവുകൾ കോടതിയിൽ നിലനിൽക്കുന്നതാണെന്നു പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഓപ്പറേഷൻ കുബേരയുടെ പേരിൽ പോലീസുകാർ വ്യക്തി വൈരാഗ്യം തീർക്കാൻ പലരുടെയും വീടുകളിൽ റെയ്ഡ് നടത്തുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ഓപ്പറേഷൻ കുബേര നടപടിയിലുള്ള തടസ്സം

154 ശ്രീ. മാത്യു റ്റി. തോമസ്
'' സി.കെ. നാണു
'' ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാംഗങ്ങളും ബ്ലേഡ് മാഫിയകളും തമ്മിലുള്ളതായി പറയപ്പെടുന്ന അവിശുദ്ധ ബന്ധം 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ നടത്തുന്ന നടപടികൾക്ക് എത്രമാത്രം തടസ്സങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉദ്യോഗസ്ഥർ അവിഹിതമായി ഉണ്ടാക്കിയ സമ്പാദ്യം കൊണ്ട് ബിനാമികളായ പലരും അമിത പലിശയ്ക്ക് പണം കടം കൊടുത്ത് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ബ്ലേഡ് മാഫിയയുടെ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ തടയുന്നതിനും അമിത പലിശ ഈടാക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ അപര്യാപ്തമാണെന്ന ആരോപണം ഉണ്ടായതിനാൽ ഇതു സംബന്ധിച്ച് കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

അമിത പലിശ

155 ശ്രീ. എളമരം കരീം
,, കെ.വി. അബ്ദുൾ ഖാദർ
,, സി.കെ. സദാശിവൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമിത പലിശ ഈടാക്കൽ നിരോധന നിയമം നിലവിൽ വന്നതിനുശേഷവും ബ്ലേഡ് മാഫിയകളുടെ പ്രവർത്തനം സജീവമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമം നിലവിൽ വന്നതിനുശേഷം അതിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്രയാണെന്നും എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) നിയമം നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കടം വാങ്ങിയ പണത്തിന്റെ അധിക പലിശ നൽകാൻ വൈകിയ ശ്യാം എന്ന യുവാവിനെ കോഴിക്കോട്ട് കാറിടിച്ച് കൊല്ലാൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബ്ലേഡ് പലിശക്കാരൻ കൊലചെയ്യപ്പെടുകയോ ആത്മഹത്യ ചെയ്യുന്നതിനിടയായതോ ആയ എത്ര കേസുകൾ ഉണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

വൻകിട ഫിനാൻസ് സ്ഥാപനങ്ങളുടെ അമിത പലിശ

156 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൻകിട ഫിനാൻസ് സ്ഥാപനങ്ങൾ അമിത പലിശ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്കെതിരെ ഓപ്പറേഷൻ കുബേര പ്രകാരം നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ബ്ലേഡ് മാഫിയകൾക്കെതിരെയുള്ള നടപടി</u>

157 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയക്കെതിരെ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഇത് സംബന്ധിച്ച് ആകെ എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെയാണ് കേസുകൾ എടുത്തിട്ടുള്ളത്;

(സി) ബ്ലേഡ് മാഫിയകളിൽ ജനങ്ങൾ അഭയം തേടുന്നതിൽനിന്നും അവരെ പിന്തിരിപ്പിക്കുന്നതിലേയ്ക്കായി എന്തൊക്കെ ബോധവത്കരണ നടപടികളും പദ്ധതികളുമാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഡി) ഇതര സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ന്യായമായ പലിശയ്ക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പ്പകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ബ്ലേഡ് മാഫിയ</u>

158

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലേഡ് മാഫിയകളുടെ പീഡനത്തിനിരയായിട്ടുള്ളവർ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(സി) എത്ര പേരെ പ്രതികളാക്കി കേസ് എടുത്തിട്ടുണ്ട്; ഇതിൽ പോലീസ് ഉദ്യോഗസ്ഥർ എത്ര പേരുണ്ട്;

(ഡി) ബ്ലേഡ് മാഫിയകൾക്കെതിരെ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>അമിത പലിശ ഈടാക്കൽ നിരോധന നിയമം</u>

159 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഇതുവരെ അമിത പലിശ ഈടാക്കാൻ നിരോധന നിയമപ്രകാരം എടുത്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിൽ ഉൾപ്പെട്ടവരുടേയും ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവരുടെയും എണ്ണം വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന എത്ര ബാങ്കിങ്ങ് ഇതര ധനകാര്യ സ്ഥാപനങ്ങളും പണമിടപാടുകാരും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) ഇവരിൽ നിന്ന് പിടികൂടിയ പണവും രേഖകളും ചെക്കുകളും മറ്റ് വസ്തുക്കളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ബ്ലേഡ് മാഫിയയുമായി സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ബന്ധം</u>

160 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലേഡ് മാഫിയക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതിനകം ബ്ലേഡ്മാഫിയക്കെതിരെ നടപടി സ്വീകരിച്ചപ്പോൾ ഏതൊക്കെ തസ്തികകളിലുള്ള പോലീസ്, മറ്റിതര ഉദ്യോഗസ്ഥർ എന്നിവർക്ക് ബ്ലേഡ് മാഫിയയുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയിട്ടിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇതിനകം അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ബ്ലേഡ് പലിശ

161 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് പലിശക്കാരും സ്വകാര്യ ബാങ്കുകാരും അമിത പലിശ ഈടാക്കിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കുടുംബങ്ങൾ ആത്മഹത്യ ചെയ്തു; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ബ്ലേഡ് പലിശക്കാരേയും, സ്വകാര്യ ബാങ്കുകാരേയും നിയന്ത്രിക്കുന്നതിനും അമിതപലിശയിൽ നിന്ന് സാധാരണക്കാരായ ആളുകളെ രക്ഷിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(സി) സ്വകാര്യ ബാങ്കുകൾക്കും ബ്ലേഡ് പലിശക്കാർക്കുമെതിരായി 01.06.2011 മുതൽ 30.04.2014 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) 01.06.2006 മുതൽ 31.03.2011 വരെ ബ്ലേഡ് പലിശക്കാരുടെ ഭീഷണിയെ തുടർന്ന് എത്ര കുടുംബങ്ങൾ ആത്മഹത്യ ചെയ്യുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ബ്ലേഡ് മാഫിയ അമർച്ചയുമായി ബന്ധപ്പെട്ട പോലീസ് റെയ്ഡ്

162 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയയെ അമർച്ച ചെയ്യും എന്ന പ്രഖ്യാപനത്തോടെ സംസ്ഥാനത്ത് നടന്ന പോലീസ് റെയ്ഡിൽ എത്രപേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; ഇതിൽ എത്ര പേർ ഇപ്പോൾ പോലീസ് കസ്റ്റഡിയിലുണ്ട്; ജാമ്യത്തിലിറങ്ങിയവർ എത്ര;

(ബി) മാഫിയകളുമായി നിരന്തര ബന്ധം പുലർത്തിപ്പോന്നതായ എത്ര പോലീസുകാരെ സർവ്വീസിൽനിന്നും മാറ്റി നിർത്തിയിട്ടുണ്ട്; ബന്ധമുള്ളതായി ആക്ഷേപിക്കപ്പെട്ടവർ എത്ര; ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച ഇന്റലിജൻസ് റിപ്പോർട്ടിനെ തുടർന്ന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

അനധികൃത മണൽകടത്ത്

163 ശ്രീ. ബി. സത്യൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത മണൽ കടത്ത് വ്യാപകമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജരേഖകൾ സൃഷ്ടിച്ചും പോലീസ് ഒത്താശയോടും കൂടി നടന്നുവരുന്ന അനധികൃത മണൽകടത്ത് നിയന്ത്രിക്കാൻ തയ്യാറാകുമോ;

(സി) ആവശ്യത്തിനനുസൃതമായി മണൽ ലഭ്യമല്ലാത്തതിനാൽ അനധികൃത ഇടപാടുകൾക്ക് സാദ്ധ്യതയേറെയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) മണൽകടത്ത് കേസിൽ പിടിക്കപ്പെടുന്നവർ രാഷ്ട്രീയ ബന്ധങ്ങളിലൂടെ പോലീസിനെ സമ്മർദ്ദത്തിലാക്കി കേസിൽ നിന്നും രക്ഷപ്പെട്ടുപോകുന്ന അവസ്ഥ ഇല്ലാതാക്കുമോ; വളർപട്ടണം സ്റ്റേഷനിലുണ്ടായതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) മണൽമാഫിയകളുടെ പ്രവർത്തനം ഫലപ്രദമായി തടയുന്നതിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പിടിച്ചെടുത്ത മണൽലോറികളിന്മേൽ സ്വീകരിച്ച നടപടികൾ</u>

164 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസും റവന്യൂ അധികാരികളും പിടിച്ചിട്ട മണൽ ലോറികൾ സ്റ്റേഷൻ പരിസരത്തും റോഡുകളിലും അനാഥമായി കിടക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാപകമായ മണൽക്ഷാമവും മണൽവില വർദ്ധനയും നിലവിലുള്ള സാഹചര്യത്തിൽ മണലും വാഹനങ്ങളും നശിച്ചുപോകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) യഥാസമയം നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതുമൂലം സർക്കാരിനുള്ള നഷ്ടവും വാഹനങ്ങൾ കിടക്കുന്നതുമൂലമുള്ള ഗതാഗതതടസ്സവും മറ്റു ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

മണൽ മാഫിയ - പോലീസ് ബന്ധം

165 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർന്നുവരുന്ന മണൽ മാഫിയ, പാറ ഖനന മാഫിയ, സ്പിരിറ്റ് മാഫിയ, പെൺവാണിഭ മാഫിയ, മനുഷ്യ കടത്ത്, അന്യസംസ്ഥാനത്തുനിന്നും കുട്ടികളെ സംസ്ഥാനത്തേയ്ക്ക് കടത്തി അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തൽ, എന്നിവ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവരെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഇവർക്ക് സംരക്ഷണം നൽകുന്ന പോലീസ്/ എക്സൈസ്/മറ്റ് ഉദ്യോഗസ്ഥരെ സംബന്ധിച്ചും പ്രസ്തുത പ്രവർത്തനം നടത്തുന്ന പോലീസ് ഉൾപ്പെടെയുള്ള മറ്റ് ഉദ്യോഗസ്ഥരേയും സംബന്ധിച്ചും ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം അന്വേഷണം നടത്തി കണ്ടെത്തിയ പോലീസ്/മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഇവർക്ക് എതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധീകാരത്തിൽവന്നതിനുശേഷം ഇത്തരം മാഫിയകളുടെ ആക്രമണങ്ങൾക്ക് വിധേയമായി മരണപ്പെട്ടവർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായം അനുവദിച്ചു; വ്യക്തമാക്കുമോ;

(ജി) ഇവരെ നിയന്ത്രിക്കാനും ഇതുമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനുമായി സമഗ്രമായ ഒരു നിയമം കൊണ്ടുവരുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ക്രമസമാധാനരംഗത്തെ നേട്ടങ്ങൾ

166 ശ്രീ. ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ
,, പി.എ. മാധവൻ
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാനരംഗത്ത് ദേശീയതലത്തിൽ കേരളം ഉന്നതസ്ഥാനത്ത് എത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടേയും സർവ്വേകളുടേയും വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ക്രമസമാധാനരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം

167 ശ്രീ. ഇ. പി. ജയരാജൻ
'' വി. ശിവൻകുട്ടി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ മാഫിയ ക്വട്ടേഷൻ സംഘങ്ങൾ സംസ്ഥാനത്തെങ്ങും ഭീതിജനകമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ ;

(ബി) പോലീസിനെ കക്ഷിരാഷ്ട്രീയ താല്പര്യങ്ങൾക്കതീതമായി പ്രവർത്തിക്കാൻ അനുവദിക്കാമോ ;

(സി) സ്വന്തം വീടുകളിൽ പകൽ സമയത്തുപോലും സുരക്ഷിതമല്ലെന്ന ആക്ഷേപങ്ങളും അതിന്മേൽ ജനങ്ങളുടെ ആശങ്കകളും അവ മാറ്റാനും ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധപ്പെട്ട കേസുകൾ</u>

168 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടു; വ്യക്തമാക്കുമോ;

(ബി) മണൽ മാഫിയയുടെ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഈ ആക്രമണങ്ങൾക്ക് വിധേയരായ പൊതുജനങ്ങളുടേയും വിവിധ വകുപ്പുകളിലെ ജീവനക്കാരുടേയും എണ്ണം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മാവോയിസ്റ്റ് ഭീഷണിയ്ക്കെതിരെയുള്ള കർമ്മ പദ്ധതികൾ</u>

169 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക പോലീസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഭീഷണിയെ നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

മാവോയിസ്റ്റുകളെ നിയന്ത്രിക്കുന്നതിനുവേണ്ടി
സ്വീകരിച്ച നടപടികൾ

170 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം ഏതെല്ലാം മേഖലകളിലാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്;

(ബി) മാവോയിസ്റ്റുകളെ പിടികൂടുന്നതിന് നിയോഗിച്ച തണ്ടർ ബോൾട്ട് സ്ക്വാഡിനെ നയിക്കുന്നത് ആരാണ്;

(സി) മാവോയിസ്റ്റുകളെ നിയന്ത്രിക്കുന്നതിൽ പ്രസ്തുത സേന നടത്തിയ ശ്രമങ്ങൾ വിജയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>തെരഞ്ഞെടുപ്പ് കാലത്ത് ഉപയോഗിച്ച കള്ളപ്പണം</u>

171 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ തെരഞ്ഞെടുപ്പ് വേളയിൽ സ്ഥാനാർത്ഥികൾക്ക് വേണ്ടിയുള്ള പ്രവർത്തനത്തിന് വിനിയോഗിക്കാൻ കള്ളപ്പണം കൊണ്ടുപോകുന്നതിനിടയിൽ പിടികൂടപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) തെരഞ്ഞെടുപ്പിൽ വോട്ടർമാരെ സ്വാധീനിക്കാൻ കപ്പലിൽ 500 കോടി കൊണ്ടുവന്നതായുള്ള റിപ്പോർട്ടിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ; വിശദമാക്കാമോ;

(സി) തെരഞ്ഞെടുപ്പ് കാലത്ത് മതിയായ രേഖകളില്ലാതെ പണം കടത്തിയ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; തെരഞ്ഞെടുപ്പ് കാലയളവിൽ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർ കണ്ടെത്തിയ കള്ളപ്പണക്കേസുകൾ എത്രയായിരുന്നു?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

വിദ്യാര്‍ത്ഥികളുടെ സ്കൂള്‍ - കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട കോഴക്കേസുകള്‍

172 ശ്രീ. എ.കെ. ബാലന്‍
ഡോ. കെ.ടി. ജലീല്‍
ശ്രീ. റ്റി.വി. രാജേഷ്
'' ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സ്കൂള്‍-കോളേജ് വിദ്യാര്‍ത്ഥി പ്രവേശനത്തിന് ചില മാനേജ്മെന്റുകള്‍ വന്‍തുക നിയമവിരുദ്ധമായി കോഴ വാങ്ങുന്നതായ സംഭവങ്ങള്‍ ആഭ്യന്തരവും വിജിലന്‍സും വകുപ്പിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാര്‍ത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നവരെ നീരിക്ഷിക്കാനും അതു തടയുന്നതിനും പ്രത്യേക സംവിധാനങ്ങള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ ; എങ്കില്‍ ഈ വര്‍ഷം എത്ര കോഴ കേസുകള്‍ പിടികൂടാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; മെഡിക്കല്‍ സീറ്റ് തട്ടിപ്പ് നടത്തിയ കവിതാപിള്ളക്കെതിരെയുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ് ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ഇരുമ്പയിര് ഖനനം സംബന്ധിച്ച ആരോപണം</u>

173 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ ഇരുമ്പയിര് ഖനനത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട ആരോപണം വിജിലൻസ് അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) അന്വേഷണത്തിന് വ്യവസായ വകുപ്പ് ശുപാർശ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണപരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) അന്വേഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

നിർഭയ കേരളം പദ്ധതി

174 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും, കുട്ടികളുടെയും സുരക്ഷയ്ക്കായി 'നിർഭയ കേരളം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; നിലവിലുളള മന്ത്രി ചുമതല ഏറ്റെടുത്തതിന് ശേഷം സ്ത്രീകൾക്ക് നേരെ നടന്ന അക്രമണത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; എത്ര പേരെ നിയമപരമായ നടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്;

(ബി) സ്ക്കൂൾ വിദ്യാർത്ഥികളുൾപ്പെടെ ആക്രമിക്കപ്പെടുന്ന സംഭവങ്ങളിൽ 'നിർഭയ കേരളം' പദ്ധതികൊണ്ട് എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കാണാതാകുന്ന സ്ത്രീകളും കുട്ടികളും</u>

175 ശ്രീ. എം. ഉമ്മര്‍
,, കെ. എന്‍. എ. ഖാദര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തു നിന്നും കാണാതാകുന്ന സ്ത്രീകളെയും കുട്ടികളെയും കണ്ടെത്തുന്നതിനും,മടക്കിക്കൊണ്ടുവരുന്നതിനും സ്വീകരിക്കുന്ന നടപടികള്‍ വിശദമാക്കുമോ;

(ബി) കാണാതാകുന്നതിന്റെ പ്രധാന കാരണങ്ങള്‍ പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്‍കാമോ;

(സി) ഇതോടനുബന്ധിച്ച് സാമൂഹ്യ സുരക്ഷാ വകുപ്പിന്റെ സേവനങ്ങളെന്തെങ്കിലും വകുപ്പ് തേടാറുണ്ടോ; പ്രസ്തുത വകുപ്പിന്റെ സേവനം ഉപയോഗപ്പെടുത്താറുണ്ടോ; എങ്കില്‍ അതു സംബന്ധിച്ച വിവരങ്ങള്‍ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

ഉത്തരേന്ത്യയിൽ നിന്നും കടത്തിക്കൊണ്ടുവന്ന കുട്ടികൾ

176 ശ്രീ. പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരേന്ത്യയിൽ നിന്നും നാന്നൂറ്റി അൻപതിലേറെ കുട്ടികളെ 2014 മേയ് മാസം മതിയായ രേഖകളില്ലാതെ ഒലവക്കോട് റെയിൽവേ സ്റ്റേഷനിൽ എത്തിച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഈ കുട്ടികളെ എവിടെ നിന്നാണ് കൊണ്ടുവന്നിട്ടുള്ളത്;

(സി) കുട്ടികളെ കേരളത്തിൽ എത്തിച്ചതിന്റെ ഉദ്ദേശ്യം എന്തെന്നും ആരാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചതെന്നും ഉള്ള വിവരം ലഭ്യമാക്കാമോ;

(ഡി) സംഭവവുമായി ബന്ധപ്പെട്ട് എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ലൈംഗിക പീഡനത്തിനിരയായ പ്രായപൂർത്തിയാകാത്ത കുട്ടികളെ സംബന്ധിച്ച കേസ്

177 ശ്രീ. കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സംസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ ലൈംഗിക പീഡനത്തിന് വിധേയമായ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പിഞ്ചുകുഞ്ഞുങ്ങൾ പീഡനത്തിന് ഇരയായ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇതിൽ അന്വേഷണം പൂർത്തിയായ കേസ്സുകളുടെ എണ്ണം എത്ര;

(സി) വിചാരണ പൂർത്തിയായി വിധി പറഞ്ഞ കേസ്സുകൾ എത്ര;

(ഡി) ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര; വെറുതെ വിട്ടവരുടെ എണ്ണം എത്ര;

(ഇ) ഇനിയും പിടികുടാനുളള പ്രതികളുടെ എണ്ണം എത്ര;

(എഫ്) പീഡനത്തിന് വിധേയമായവരിൽ കൊല്ലപ്പെട്ട കുട്ടികളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

പീഡനത്തിരയായ കുട്ടികളുടെ വിവരങ്ങൾ

178 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷമുള്ള ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് നാളിതുവരെ ഓരോ വർഷവും പീഡനത്തിനിരയായ കുട്ടികൾ എത്ര; കാണാതായ കുട്ടികൾ എത്ര; സംസ്ഥാനത്ത് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവന്ന കുട്ടികൾ എത്ര; വ്യക്തമാക്കുമോ;

(ബി) പോലീസ് കേസ്സ് രജിസ്റ്റർ ചെയ്യാത്ത ഇത്തരം കേസ്സുകൾ എത്ര;

(സി) പോലീസ് ഇവ സംബന്ധിച്ച് ഓരോ ജില്ലയിലും ഓരോ വർഷവും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടിണ്ട്; ഇതിൽ പീഡന കേസ്സുകളിൽ പ്രതികളായവർ എത്ര; അതിൽ ഇരകളുടെ ബന്ധുക്കൾ എത്ര; പോലീസ്, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ എത്ര കേസ്സുകളിൽ പ്രതികളായിട്ടുണ്ട്; പ്രതികളായ പോലീസ്, മറ്റ് ഉദ്യോഗസ്ഥർ ആരെല്ലാമെന്ന്, വ്യക്തമാക്കുമോ;

(ഡി) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ആൺക്കുട്ടികൾക്കെതിരെ പീഡനം കൂടിവരുന്നത് ചൈൽഡ്ലൈൻ രേഖകളിൽ കാണപ്പെടുന്നതും ഇതിലും പോലീസ് ഉദ്യോഗസ്ഥർവരെ ഉൾപ്പെടുന്നതും ശ്രദ്ധയിൽപെട്ടുവോ;

(ഇ) എങ്കിൽ ആയത് തടയുവാൻ ആഭ്യന്തര വകുപ്പ് എന്ത് അടിയന്തര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ</u>

179 ശ്രീ കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്രകേസുകൾ അന്വേഷണ നടപടികൾ പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം കേസുകൾ ഗൗരവമായി കൈകാര്യം ചെയ്യാതിരിക്കുന്നതും അന്വേഷണ നടപടികളിൽ കാലതാമസം വരുന്നതും കുറ്റവാളികൾ രക്ഷപ്പെടാൻ കാരണമാകുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതേവരെ രജിസ്റ്റർ ചെയ്ത കേസുകൾ അന്വേഷണം പൂർത്തിയാക്കി കോടതികളിൽ കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ജോലിസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെ ഉണ്ടായ അതിക്രമങ്ങൾ</u>

180 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെയുള്ള കാലയളവിൽ ജോലിസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെ ഉണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ സർക്കാർ ജീവനക്കാർ പ്രതികളായ കേസ്സുകൾ എത്ര;

(ബി) സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകൾ എത്ര;

(സി) സ്വകാര്യമേഖലയിലെ തൊഴിൽ സ്ഥലങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടവ എത്ര; വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

181 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സ്ത്രീകൾക്കെതിരെ എത്ര അതിക്രമക്കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; 2011-12, 2012-13, 2013-14 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം പ്രത്യേകമായി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സ്ത്രീകൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളിൽ കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ, മാനഭംഗപ്പെടുത്തലുകൾ, മറ്റ് പീഡനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ വിവിധ അതിക്രമങ്ങളെത്തുടർന്ന് കൊല്ലപ്പെട്ട സ്ത്രീകളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കേസ്സുകളിലായി ഇതിനകം അറസ്റ്റ് ചെയ്യപ്പെട്ടവർ എത്ര; ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ എത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

വനിതാ എസ്.ഐ യെ നിയമിക്കൽ

182 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ് സമർപ്പിക്കുന്നതു വരെ സ്വതന്ത്ര ചുമതലയ്ക്ക് എല്ലാ പോലീസ് സ്റ്റേഷനിലും ഒരു വനിതാ എസ്.ഐ യെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) 23 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് എസ്.ഐ ആയി സ്ഥാനക്കയറ്റം നൽകി സ്റ്റേഷനുകളിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത നടപടിപ്രകാരം നിയമനം നടത്തുന്നതിൽ സാമ്പത്തിക ബാധ്യതയുണ്ടാകുമെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>2013 ജനുവരി മുതൽ ഡിസംബർ വരെയുള്ള ബലാൽസംഗകേസുകൾ</u>

183 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി മുതൽ ഡിസംബർ വരെ എത്ര ബലാൽസംഗകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കു നേരെയുണ്ടായത് എത്ര കേസ്സുകളാണ്; പ്രസ്തുത കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പന്തിരിക്കര പെൺവാണിഭക്കേസ്</u>

184 ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന പന്തിരിക്കര പെൺവാണിഭം സംബന്ധിച്ച് പോലീസിൽ പരാതി ലഭിച്ചത് എപ്പോഴാണ്; പോലീസ് കേസ് രജിസ്റ്റർ ചെയ്തത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) കേസുമായി ബന്ധപ്പെട്ട് പ്രത്യേക സംഘത്തെ എപ്പോഴാണ് നിയോഗിച്ചത്എന്നും ഈ സംഘത്തിൽ ആരൊക്കെ ഉണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) പ്രതികൾക്കെതിരെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണെന്നും കുറ്റപത്രം സമർപ്പിച്ചില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണവും വ്യക്തമാക്കുമോ;

(ഡി) കേസ് സംബന്ധിച്ച എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ചാലക്കുടിയിലെ ഗ്രേഷ്മയുടെ ചികിത്സ പിഴവ് മൂലമുള്ള മരണം

185 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ. തൃശൂരിലെ സരോജാ ആശുപത്രിയിൽ വച്ച്, മൂക്കിനകത്തു വളരുന്ന ദശ നീക്കുന്നതിനായി ശസ്ത്രക്രീയയ്ക്കു മുന്നോടിയായുള്ള അനസ്തേഷ്യയ്ക്കു വിധേയയായ ചാലക്കുടി എലഞ്ഞിപ്ര പ്രദേശത്ത്, പുല്ലോക്കാരൻ തോമസിന്റെ മകൾ ഗ്രേഷ്മ അബോധാവസ്ഥയിലാകുകയും പിന്നീട് മരണമടയുകയും ചെയ്ത സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

ബി. ഗ്രേഷ്മയുടെ മരണം ചികിത്സിച്ച ഡോക്ടർമാരുടെയും, അനസ്തേഷ്യ നൽകിയ ഡോക്ടറുടെയും പിഴവും, അനാസ്ഥയും മൂലമാണെന്ന ബന്ധുക്കളുടെ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

സി. ഗ്രേഷ്മയുടെ മരണത്തിലെ ദുരൂഹത അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കൊലപാതകങ്ങൾ</u>

186

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ കൊലപാതകത്തിന്റെയും കാരണം വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര രാഷ്ട്രീയ കൊലപാതകം നടന്നെന്ന് വെളിപ്പെടുത്താമോ;

(ഡി) കൊല ചെയ്യപ്പെട്ടവരുടെയും പ്രതി ചേർക്കപ്പെട്ടവരുടെയും രാഷ്ട്രീയ ബന്ധങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മോഷണം, കവർച്ച, ഭവനഭേദനകേസുകൾ</u>

187 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര മോഷണകേസുകളും എത്ര കവർച്ചാകേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര ഭവനഭേദനങ്ങളും കവർച്ചയും നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ ആരാധനാലയങ്ങളിൽ മോഷണവും, കവർച്ചയും നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ജനകീയ സമരളിൽ പങ്കെടുത്തവർക്കെതിരെയുള്ള കേസുകൾ</u>

188 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജനകീയ സമരങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്; ഇതിൽ എത്ര പേരെ ജയിലിലിലടച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ പൊതുനിരത്തിൽ പ്രകടനം നടത്തിയതിന്റെ പേരിൽ എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ട വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകരുടെ എണ്ണം വെവ്വേറെ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>

189

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്ര കേസ്സുകളിൽ അന്വേഷണം നടത്തി കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഏതെല്ലാം രാഷ്ട്രീയ കൊലപാതകക്കേസ്സുകളുടെ അന്വേഷണം സി. ബി. ഐ. യ്ക്ക് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>കൊലപാതക കേസ്സുകൾ</u>

190 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; കൊല ചെയ്യപ്പെട്ട സ്ത്രീകൾ, പുരുഷൻമാർ, കുട്ടികൾ എന്നിവരുടെ എണ്ണം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇനിയും പിടികുടാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ച കേസ്സുകളെത്ര; വിചാരണ പൂർത്തിയായവ എത്ര; വ്യക്തമാക്കാമോ;

(ഡി) ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര;

(ഇ) ഇവയിൽ അന്വേഷണം സിബിഐ യ്ക്ക് നൽകിയ കേസ്സുകളെത്ര; അവ ഏതെല്ലാം; വിശദമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>നിലമ്പൂരിലെ കൊലപാതകം</u>

191 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലമ്പൂരില്‍ കോണ്‍ഗ്രസ് ഓഫീസിലെ രാധയെ കൊലപ്പെടുത്തിയ കേസില്‍ അന്വേഷണം പൂര്‍ത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എത്ര പ്രതികളെയാണ് അറസ്റ്റ് ചെയ്തിട്ടുളളത്;

(സി) പ്രതികളില്‍ ആരെങ്കിലും മന്ത്രിയുടെ പേഴ്സണല്‍ സ്റ്റാഫില്‍ പെട്ടവരായിട്ടുണ്ടോ;

(ഡി) മന്ത്രിയുടെ ബന്ധുക്കള്‍ക്ക് ആര്‍ക്കെങ്കിലും ബന്ധമുളളതായി തെളിഞ്ഞിട്ടുണ്ടോ;

(ഇ) മന്ത്രിയുടെ ബന്ധുക്കളെ ഇതുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>അക്രമസ്വഭാവത്തിലുള്ള കേസ്സുകളുടെ വിവരങ്ങൾ</u>

192 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് അക്രമസ്വഭാവത്തിലുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നും വർഗ്ഗീയ ചേരിതിരിവുകളുടെ അടിസ്ഥാനത്തിലുള്ള അടിപിടിക്കേസ്സുകൾ എത്രയെണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇനിയും പിടികൂടാനുള്ള പ്രതികളുടെ എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ആത്മഹത്യ</u>

193 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേററശേഷം നാളിതുവരെ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ സ്ത്രീകൾ, കുട്ടികൾ എന്നിവർ എത്രയെണ്ണം വീതമാണ്; വ്യക്തമാക്കാമോ;

(സി) സാമ്പത്തിക പ്രയാസം മൂലം ആത്മഹത്യ ചെയ്തവർ എത്ര;

(ഡി) കുടുംബപ്രശ്നങ്ങളെത്തുടർന്ന് ആത്മഹത്യ ചെയ്തവർ എത്ര;

(ഇ) രോഗങ്ങൾ മൂലം ആത്മഹത്യ ചെയ്തവർ എത്ര;

(എഫ്) കടക്കെണിമൂലം ആത്മഹത്യ ചെയ്തവർ എത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ആത്മഹത്യാ കണക്ക്</u>

194

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ മുതൽ 2014 ഏപ്രിൽ വരെ സംസ്ഥാനത്ത് എത്ര ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരേയുള്ള പോലീസിന്റെ ബലപ്രയോഗം

195 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ് ഷെൽ, ജലപീരങ്കി തുടങ്ങിയ പ്രയോഗങ്ങൾ പോലീസ് എത്ര പ്രാവശ്യം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>നിരാക്ഷേപ പത്രം നൽകി പിൻവലിച്ച കേസുകൾ</u>

196

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതു വരെ നിരാക്ഷേപ പത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാരിന്റെ പരിഗണനയിലുള്ള കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ പിൻവലിച്ച കേസുകൾ</u>

197 ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ എത്ര പോലീസ് കേസുകൾ പിൻവലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പിൻവലിച്ച കേസുകളുടെ എണ്ണം പോലീസ്സ്റ്റേഷൻ അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(സി) പിൻവലിച്ച കേസുകളുടെ സ്വഭാവം എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ഇരിങ്ങാലക്കുടയിലെ മൂര്‍ക്കനാട് സംഭവം

198 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇരിങ്ങാലക്കുടയിലെ മൂര്‍ക്കനാട് സംഭവത്തെ തുടര്‍ന്ന് ചാലക്കുടി മണ്ഡലത്തില്‍പ്പെട്ട 4 കപ്പേളകളും 1 പള്ളിയും ആക്രമിച്ച് തകര്‍ക്കുകയും ഒരു സബ് ഇന്‍സ്പെക്ടറും പോലീസ് കോണ്‍സ്റ്റബിളും താമസിക്കുന്ന വെറ്റിലപ്പാറയിലെ വീടിനു നേരെയുണ്ടായ ആക്രമണവും ബൈക്ക് കത്തിക്കലും അടക്കമുള്ള സംഭവങ്ങളില്‍ കുറ്റക്കാരായവരെ കണ്ടെത്തുകയോ പ്രതികളെ പിടികൂടുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഇതിനായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമൂലം ജനങ്ങള്‍ക്കുണ്ടായിട്ടുള്ള ആശങ്കയും ഭയവും അകറ്റുന്നതിനും പ്രതികളെ ഉടന്‍ പിടികൂടുന്നതിനുമായി അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്
<u>മംഗളം ലേഖകൻ ആക്രമിക്കപ്പെട്ട കേസ്</u>

199 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ 'മംഗളം' ലേഖകൻ ആക്രമിക്കപ്പെട്ട കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ക്രൈംബ്രാഞ്ച് അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ക്രൈംബ്രാഞ്ച് അന്വേഷണം ഏത് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും പ്രതികളെക്കുറിച്ചുള്ള വിശദവിവരവും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

കൊല്ലം ജില്ലയിൽ ശ്രീനാരായണ ഗുരുമന്ദിരങ്ങൾക്കെതിരെ യുള്ള ആക്രമണം

200 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ ശ്രീനാരായണ ഗുരുമന്ദിരത്തിനും, എസ്.എൻ.ഡി.പി. ഓഫീസുകൾക്കും നേരേ എത്ര അക്രമണ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കമോ;

(ബി) പ്രസ്തുത കേസുകളിൽ എത്രയെണ്ണം തെളിയിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും, എത്ര പ്രതികൾക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പരവൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ നെടുങ്ങോലം 861-ാം നമ്പർ എസ്.എൻ.ഡി.പി. ശാഖാമന്ദിരത്തിൽ പ്രതിഷ്ഠിച്ചിരുന്ന ശ്രീനാരായണ ഗുരുദേവ പ്രതിഷ്ഠയുടെ മുൻപിലെ കണ്ണാടി തകർക്കപ്പെട്ട സംഭവത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം ഊർജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടിവർഗ്ഗ ആദിവാസി വിഭാഗങ്ങൾക്കു പോലീസിൽ നിന്നുള്ള മർദ്ദനം</u>

201 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതു വരെ സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസിൽ നിന്നും മർദ്ദനമേറ്റ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ എത്രയെണ്ണത്തിൽ പോലീസുകാർ പ്രതികളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമപ്രകാരം രജിസ്റ്റർ ചെയ്ത ഏതെല്ലാം കേസുകളിൽ ദേശീയ പട്ടികജാതി കമ്മീഷൻ കേരള പോലീസിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടുവെന്നും ആയതിൽ എന്തെല്ലാം മറുപടി നൽകിയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ആദിവാസികൾക്ക് നേരേയുള്ള അതിക്രമങ്ങൾ

202 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ നേരെ നടന്ന അതിക്രമങ്ങളുടെ പേരിൽ എത്ര പരാതികൾ ലഭിക്കുകയുണ്ടായി; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തു ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ആദിവാസി വിഭാഗത്തിൽപ്പെട്ട വനിതകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലൈംഗികാതിക്രമങ്ങളും സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; എത്ര കേസ് രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തു; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) ഈ കാലയളവിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര പേർ കൊല്ലപ്പെടുകയുണ്ടായി; എത്ര പേർ ആത്മഹത്യ ചെയ്യുകയുണ്ടായി; ഇവരിൽ സ്ത്രീകളെത്ര; കുട്ടികളെത്ര വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങൾ</u>

203 ശ്രീ കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോവർഷവും പട്ടികജാതി-പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടവർക്കെതിരായ അതിക്രമങ്ങളുടെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ അന്വേഷണ നടപടികൾ പൂർത്തിയാക്കി കോടതികളിൽ കുറ്റപത്രം സമർപ്പിച്ച കേസുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ സമുദായത്തിപ്പെട്ടവർക്കെതിരെ നടക്കുന്ന അതിക്രമകേസുകൾ ഗൗരവമായി കൈകാര്യം ചെയ്യുന്നില്ലെന്നും, സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതികളിൽ സമർപ്പിക്കാത്തതുകാരണം പ്രതികൾ രക്ഷപ്പെട്ടുപോകുന്നതായി പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം പരാതികൾ പരിഹരിക്കുവാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരായ കേസുകൾ കൈകാര്യം ചെയ്യുന്നതിന്റെ പുരോഗതിയെ സംബന്ധിച്ച് എല്ലാ മാസവും ജില്ലാ പോലീസ് മേധാവിയുടെ സാന്നിദ്ധ്യത്തിൽ അവലോകനം ചെയ്യുവാനും സംസ്ഥാനതലത്തിൽ അത് ഗൗരവപൂർവ്വം നിരീക്ഷിക്കുവാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ

204 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളും കുട്ടികളും ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്നതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്രപേരെ അറസ്റ്റ് ചെയ്തു; ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

(ബി) ഇതിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ച കേസ്സുകൾ എത്ര;

(സി) വിചാരണ പൂർത്തിയാക്കിയ കേസ്സുകൾ എത്ര;

(ഡി) ഈ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളെത്ര; ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളെത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ</u>

205 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേരെ അറസ്റ്റ് ചെയ്തു ; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ കൊലചെയ്യപ്പെടുകയുണ്ടായി ; എത്രപേർ ആത്മഹത്യ ചെയ്യുകയുണ്ടായി ; ഇതിൽ സ്ത്രീകൾ എത്ര ; വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>പട്ടിക ജാതിക്കാർക്കെതിരെയുള്ള അക്രമം</u>

206 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടിക ജാതി വിഭാഗങ്ങൾക്ക് നേരെയുണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നല്കുമോ ;

(ബി) പട്ടിക ജാതി വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

207 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീവ്സ് അക്ട്1989 പ്രകാരം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ്; ഇവയുടെ ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം കേസ്സുകളിൽ ഇപ്പോഴും കോടതിയിൽ കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്ര; അന്വേഷണം പൂർത്തിയാക്കാത്തവ എത്ര; അതിൽ ഒരു വർഷവും, രണ്ട് വർഷവും മൂന്നു വർഷവും പിന്നിട്ട കേസ്സുകൾ എത്ര;

(സി) പെൻഡിംഗിലുള്ള കേസുകളിൽ അറസ്റ്റ് ചെയ്യപ്പെടാനുള്ളവരെത്ര;

(ഡി) ഇതിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടന്ന അതിക്രമങ്ങൾ; കൊലപാതകങ്ങൾ, സ്ത്രീപീഡനക്കേസുകൾ, ബലാൽസംഗക്കേസുകൾ ഇവ എത്രവീതമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ആക്രമണങ്ങൾ</u>

208 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അക്രമവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സാമ്പത്തികബാധ്യതയെത്തുടർന്ന് എത്രപേർ ആത്മഹത്യ ചെയ്ട്ടുണ്ടെന്ന് വിശദമാക്കാമോ?

(സി) ഇതിൽ ബ്ലേഡ് മാഫിയയുടെ പീഡനങ്ങളാൽ എത്രപേർ ആത്മഹത്യ ചെയ്തെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കസ്റ്റഡി മരണം</u>

209 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പോലീസ് കസ്റ്റഡിയിലിരിക്കെ ആളുകൾ മരണപ്പെട്ട എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ എത്ര ലോക്കപ്പ് മർദ്ദനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതേത്തുടർന്ന് എത്ര പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ചങ്ങരംകുളം പോലീസ് സ്റ്റേഷനിലെ കസ്റ്റഡിമരണങ്ങൾ

210
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ 2014 ജനുവരി 1 മുതൽ എത്ര കസ്റ്റഡി മരണങ്ങൾ നടന്നിട്ടുണ്ട്; അവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷനിൽ മേൽകാലയളവിൽ നടന്ന എല്ലാ കസ്റ്റഡി മരണങ്ങളും അന്വേഷിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ;

(സി) 24.04.2014-ന് പ്രസ്തുത സ്റ്റേഷനിൽ നടന്ന ഹനീഷയുടെ കസ്റ്റഡി മരണത്തിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ് ആരാണ് അന്വേഷിക്കുന്നത്;

(ഇ) മൂന്നു മാസം മുമ്പ് ഇതേ സ്റ്റേഷനിൽ കസ്റ്റഡിയിലിരിക്കേ മർദ്ദനമേറ്റ് ആശുപത്രിയിൽ മരണപ്പെട്ട മോഹനന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണ പുരോഗതി അറിയിക്കാമോ;

(എഫ്) പ്രസ്തുത കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>കസ്റ്റഡി മരണം</u>

211 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം പോലീസ് കസ്റ്റഡിയിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ലോക്കപ്പ് മർദ്ദനം, അത്മഹത്യ എന്നിവ പോലീസ് സ്റ്റേഷൻ തിരിച്ചു വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് പോലീസ് കസ്റ്റഡിയിൽ വനിതകൾ കൊല്ലപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പോലീസ് കസ്റ്റഡിയിൽ പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ആദിവാസികൾ എന്നിവർ കൊല്ലപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) പോലീസ് കസ്റ്റഡിയിലെ മരണവുമായി ബന്ധപ്പെട്ട് എത്ര പോലീസുകാർക്കെതിരെ കേസ്സെടുത്തിട്ടുണ്ട് ; എത്രപേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ജോലിയുടെ ഭാഗമായി എത്ര പോലീസുകാർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിറ്റുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) പോലീസ് സ്റ്റേഷനുകളിൽ പോലീസുകാർ പരസ്പരം അക്രമങ്ങളിൽ ഏർപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(ജി) പോലീസ് സ്റ്റേഷൻ, ക്വാർട്ടേഴ്സ്, മറ്റ് ജോലിസ്ഥലങ്ങൾ എന്നിവിടങ്ങളിൽ എത്ര പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>പോലീസ് സേനാംഗങ്ങളുടെ ക്രിമിനല്‍ കേസ്സുകള്‍</u>

212 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം ഇതുവരെ പോലീസുകാര്‍ പ്രതികളായ എത്ര സ്ത്രീ പീഡന ക്കേസുകളും ബലാത്സംഗക്കേസ്സുകളും രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതില്‍ പ്രതികളായ എത്ര പോലീസുകാര്‍ക്കെതിരെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ കാലയളവില്‍ പോലീസ് സേനയില്‍ സ്വഭാവദൂഷ്യത്തിനോ മറ്റ് കുറ്റകൃത്യങ്ങളുടെ പേരിലോ അച്ചടക്ക നടപടിക്ക് വിധേയരായ പോലീസുകാരുടെ എണ്ണം ലഭ്യമാക്കാമോ;

(ഡി) ഇവരില്‍ പിരിച്ചുവിടപ്പെട്ടവരെത്ര; സസ്പെന്‍ഷന് വിധേയമായവരെത്ര; സ്ഥലം മാറ്റപ്പെട്ടവരെത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ക്രിമിനൽ കേസിൽപ്പെട്ട പോലീസ് സേനാംഗങ്ങൾ</u>

213 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസുകളിലും അനധികൃതമായ മറ്റ് നിയമ വിരുദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിട്ടുള്ള പോലീസ് ഓഫീസർമാർ പോലീസ് സേനയിലുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസിലെ ക്രിമിനൽവൽക്കരണം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദീകരണം നൽകുമോ; ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ;

(സി) പോലീസിലെ ക്രിമിനൽവൽക്കരണം ഒഴിവാക്കുന്നതിനായി സേനയിലെ ഓഫീസർമാർക്ക് മതിയായ പരിശീലനവും വിവിധ വിദ്യാഭ്യാസ പരിപാടികളും നടപ്പിലാക്കുമോ; ഇക്കാര്യത്തിലുള്ള നയവും പരിപാടികളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ക്രിമിനൽകുറ്റത്തിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ</u>

214 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ക്രിമിനൽ കുറ്റത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോരുത്തരുടേയും റാങ്ക് അനുസരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) ഇതിൽ എത്ര പേരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുകാരുടെ എണ്ണം ലഭ്യമാക്കാമോ;

(ഇ) ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

നിലമ്പൂർ കൊലപാതകം

215 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാധയുടെ മരണം കൊലപാതകമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും പ്രതിചേർത്ത് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഭരണ കക്ഷിയുടെ ആഫീസിൽ നടന്നുവെന്ന് കരുതപ്പെടുന്ന കൊലപാതകത്തിൽ ഉന്നതർക്ക് പങ്കുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനങ്ങളുടെ ഇക്കാര്യത്തിലുള്ള ആശങ്ക ദുരീകരിക്കാൻ സി.ബി.ഐ. പോലുള്ള കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

അഴിമതി, കൈക്കൂലി എന്നിവയിലുൾപ്പെട്ട സർക്കാർ ജീവനക്കാർ

216 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി, കൈക്കൂലി, വിവിധതരം തട്ടിപ്പുകൾ എന്നിവയിൽ എത്ര സർക്കാർ ജീവനക്കാർ പ്രതികളായിട്ടുണ്ട്; ഇതിൽ എത്ര ജീവനക്കാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിലെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ എത്ര ജീവനക്കാർ അഴിമതി, കൈക്കൂലി വിവിധതരം തട്ടിപ്പുകൾ എന്നിവയിൽ പ്രതികളായിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഓപ്പറേഷൻ കുബേരയിലൂടെ മാത്രം എത്ര സർക്കാർ ജീവനക്കാർ പ്രതികളായിട്ടുണ്ട്; വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇത്തരം നടപടികൾക്ക് മുൻ സർക്കാർ ശിക്ഷണ നടപടി സ്വീകരിച്ച എത്ര ജീവനക്കാരെ ഈ സർക്കാർ വന്നതിനുശേഷം ശിക്ഷകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്; വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സൈബർ കുറ്റകൃത്യങ്ങൾ</u>

217 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>സൈബർ കുറ്റകൃത്യങ്ങൾ</u>

218 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ടി എന്തെല്ലാം ക്രമീകരണങ്ങളാണ് നിലവിൽ ഉളളത് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എന്തെല്ലാം സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്രമീകരണങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിവരം വാർഷിക ക്രമത്തിൽ വ്യക്തമാക്കാമോ;

(ഡി) നിലവിലുളള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പുതിയ ക്രമീകരണങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സൈബർ കുറ്റകൃത്യങ്ങൾ</u>

219 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഇതുവരെ ഫേസ് ബുക്കിലെ വ്യാജപ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് അതീവ ഗുരുതരമായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവയിൽ സംസ്ഥാനത്തെ ഹൈടെക് സെല്ലിന് അന്വേഷണം കൈമാറിയ എത്ര കേസ്സുകളുണ്ട്; വ്യക്തമാക്കാമോ;

(ഇ) ഈ രണ്ടു വിഭാഗത്തിൽപ്പെട്ട കേസ്സുകളിലും കുറ്റപത്രം സമർപ്പിച്ച കേസ്സുകളെത്ര; അന്വേഷണം പൂർത്തിയാക്കാത്തവ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ഭൂമി തട്ടിപ്പു കേസ് അന്വേഷണ പുരോഗതി

220 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പു കേസുകളിൽ ആരെയൊക്കെയാണ് പ്രതിചേർത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) ഇതിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ മുൻഗൺമാൻ ശ്രീ. സലിംരാജിനെ പ്രതി ചേർത്തിട്ടുണ്ടോ ;

(ഡി) ടിയാന്റെ ക്വാർട്ടേഴ്സ്, അന്വേഷണ ഉദ്യോഗസ്ഥർ റെയിഡ് ചെയ്തിട്ടുണ്ടോ ; കേസുമായി ബന്ധപ്പെട്ട രേഖകൾ പിടിച്ചെടുത്തിട്ടുണ്ടോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പോലീസ് ആസ്ഥാനത്തെ കമ്പ്യൂട്ടർ വാങ്ങലിലെ അഴിമതി</u>

221 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് ആസ്ഥാനത്ത് വാങ്ങിയ കമ്പ്യൂട്ടർ ഇടപാടുമായി ബന്ധപ്പെട്ട് കോടികളുടെ അഴിമതി നടന്നതായുള്ള പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി ഇതു സംബന്ധിച്ച നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്തിലെ വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) കമ്പ്യൂട്ടർ ഇടപാടിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഏതെങ്കിലും വ്യക്തികളോ കമ്പനികളോ പരാതി നൽകിയിട്ടുണ്ടോ; പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ
ലഭ്യമാക്കാമോ;

(ഡി) സ്റ്റോർ പർച്ചേസ് മാനുവൽ ചട്ടങ്ങളുടെ ലംഘനം ഇക്കാര്യത്തിൽ നടത്തിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) കമ്പ്യൂട്ടർ ഇടപാടു സംബന്ധിച്ച് ഇ-ടെൻഡർ നടത്തിയിരുന്നോ; ഇല്ലെങ്കിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് കമ്പനിയെ തിരഞ്ഞെടുത്തത് ഏതു നടപടി ക്രമങ്ങൾ അനുസരിച്ചാണ് എന്ന് വിശദമാക്കാമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(എഫ്) ഭാവിയിൽ ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

പൊന്നാനി മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട കേസ്

222 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി പോലീസ് സർക്കിൾ ഇൻസ്പെക്ടർ പരിധിയിൽ മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അന്വേഷണ ഏജൻസി ഏതാണെന്ന് വിശദമാക്കമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ബോട്ടുകളോ വള്ളങ്ങളോ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് ; വിശദമാക്കാമോ ;

(ഇ) കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

പാരാസെയിലിംഗ് സാഹസിക പ്രകടനം

223 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരാസെയിലിംഗ് പ്രദർശനമെന്ന പേരിൽ സാഹസിക പ്രകടനക്കാരും, മാതാപിതാക്കളും കൂടി പോലീസ്/റവന്യൂ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ11 മാസം പ്രായമുളള കുഞ്ഞിനെ കെട്ടിയിട്ട് പാരച്ച്യൂട്ടിൽ പറത്തി വിവാദമുണ്ടാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരം പ്രസ്തുത പ്രവൃത്തി നടത്തിയവരുടെ പേരിലും, പരിശീലകരുടെ പേരിലും മറ്റ് പോലീസ് ഉദ്യോഗസ്ഥരുടെപേരിലും കേസ്സുകൾ എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇത്തരം സാഹസിക പ്രകടനം നടത്തി അപകടത്തിൽപ്പട്ട ജില്ലാ ഭരണമേധാവികൾ ഉൾപ്പെടെയുളളവർ ആരെല്ലാം;

(ഡി) ഇത്തരം സാഹസിക പ്രകടനങ്ങളുടെ പരിശീലനത്തിനും, പ്രകടനങ്ങൾക്കും സർക്കാർ അനുമതി നൽകാറുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് അനുമതി നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) പാരാസെയിലിംഗിന് വേണ്ട സുരക്ഷാസംവിധാനങ്ങൾ ഏന്തെല്ലാം എന്നും, പിഞ്ചുകുഞ്ഞിനെ പാരച്ച്യൂട്ടിൽ അനേകരുടെ സാന്നിദ്ധ്യത്തിൽ മാതാപിതാക്കൾ ചേർന്ന് കെട്ടിയിട്ടു പറപ്പിച്ചപ്പോൾ സുരക്ഷാസംവിധാനങ്ങൾ ഉണ്ടായിരുന്നുവോയെന്നും വ്യക്തമാക്കുമോ;

(എഫ്) ഇല്ലെങ്കിൽ സാഹസിക പ്രകടനം ഉദ്ഘാടനം ചെയ്ത ജില്ലാ പോലീസ് മേധാവിയെ സർവ്വീസിൽ നിന്നും മാറ്റി നിർത്തിക്കൊണ്ട് ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>മക്കളെ ശിശുവില്പന റാക്കറ്റിന് വിറ്റ സംഭവം</u>

224 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ കാഞ്ഞങ്ങാടില്‍ മാതാപിതാക്കള്‍ രണ്ട് മക്കളെ ശിശുവില്‍പ്പന റാക്കറ്റിന് വിറ്റ വിഷയം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് കേസ് രജിസ്റ്റര്‍ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) ഈ ശിശു വില്‍പ്പന റാക്കറ്റിന് സമാനമായ മറ്റേതെങ്കിലും കേസ്സുമായി ബന്ധമുണ്ടോ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(ഡി) റാക്കറ്റിന് കുട്ടികളെ വില്‍ക്കാനുണ്ടായ സാഹചര്യമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കുമോ ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>ബലാത്സംഗം ആരോപിച്ച് ലഭിച്ച പരാതി</u>

225 ശ്രീ. എം. ചന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി
,, കെ. കെ. ലതിക
,, കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക ഹോട്ടലിൽ വിളിച്ചുവരുത്തി തന്നെ ബലാത്സംഗം ചെയ്തു എന്നാക്ഷേപിച്ചുകൊണ്ട്, ഒരു നിയമസഭാ സാമാജികനെതിരെ തിരുവനന്തപുരത്തെ വനിതാ പോലീസ് സ്റ്റേഷനിൽ പരാതി ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതിയെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനായി പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; ഏതെല്ലാം വകുപ്പുകൾ അനുസരിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി;

(സി) പരാതിക്കാരിയുടെ മൊഴി എടുത്തിട്ടുണ്ടോ; പരാതി ഉന്നയിക്കപ്പെട്ട ആളിനെ പോലീസ് ചോദ്യം ചെയ്യുകയുണ്ടായോ;

(ഡി) ബലാത്സംഗം ആരോപിച്ച് പോലീസിന് ലഭിച്ച പരാതിയെ തുടർന്നുള്ള അന്വേഷണത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത്, പോലീസ് എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>രഹസ്യമൊഴി</u>

226 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ കേസ്സിലെ മുഖ്യപ്രതി സരിത എസ്. നായർ കോടതിയിൽ നൽകിയതായിട്ടുള്ള രഹസ്യമൊഴി യുടെ പകർപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ബേപ്പൂർ പോർട്ടിലെ മാന്വൽ ഡ്രെഡ്ജിംഗ്

227 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ പോർട്ടിൽ മാന്വൽ ഡ്രെഡ്ജിംഗ് മുഖേന മണൽ എടുത്ത് വിതരണം ചെയ്യുന്ന സഹകരണസംഘങ്ങൾ മണൽ വിതരണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടത്തുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പോലീസിൽ എത്ര പരാതികൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ലഭിച്ചിട്ടുണ്ടെങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്
<u>സി. ബി. ഐ. അന്വേഷണത്തിന് കൈമാറിയ കേസുകൾ</u>

228 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതു വരെ എത്ര കേസ്സുകൾ സി. ബി. ഐ. അന്വേഷണത്തിന് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇവയിൽ സി. ബി. ഐ. അന്വേഷണത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചതും വിജ്ഞാപനം പുറപ്പെടുവിക്കാത്തതുമായ കേസ്സുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ്സുകളെ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>വിദ്യാലയങ്ങളിൽ പോലീസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ</u>

229 ശ്രീ. കെ. മുരളീധരൻ
,, വി. പി. സജീന്ദ്രൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്യേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) പ്രസ്തുത ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ ആരെയെല്ലാമാണ് പങ്കാളികളാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഭരണതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്;വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

സ്റ്റുഡന്‍സ് പോലീസ് കേഡറ്റ്

230 ശ്രീ. ജോസഫ് വാഴക്കന്‍
,, എ.റ്റി. ജോര്‍ജ്
,, വര്‍ക്കല കഹാര്‍
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സ്റ്റുഡന്‍സ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സ്റ്റുഡന്‍സ് പോലീസ് കേഡറ്റുകള്‍ക്ക് കാര്യക്ഷമമായ പരിശീലനം ലഭ്യമാക്കാനും പ്രസ്തുത പദ്ധതി കൂടുതല്‍ സ്കൂളുകളിലേക്കും ഹയര്‍ സെക്കന്‍ണ്ടറി, വോക്കേഷണല്‍ ഹയര്‍ സെക്കണ്ടറി എന്നീ മേഖലകളിലേക്കും വ്യാപിപ്പിക്കുവാനും എന്തെല്ലാം നടപടികള്‍ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയില്‍ സഹകരിക്കുന്ന കുട്ടികള്‍ക്ക് ഗ്രേസ് മാര്‍ക്ക് ഉള്‍പ്പെടെയുള്ള ആനുകൂല്യങ്ങള്‍ നല്‍കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കില്‍ ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്
<u>സ്റ്റുഡന്റ്സ് പോലീസ്</u>

231 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് ഈ വർഷം സ്റ്റുഡൻസ് പോലീസ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) എൻ.സി.സി. നിലവിലുള്ള സ്കൂളുകളിൽ സ്റ്റുഡൻസ് പോലീസ് വേണ്ട എന്ന തീരുമാനം എടുത്തിട്ടുണ്ടോ; ഇതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ;

(സി) സ്റ്റുഡൻസ് പോലീസിൽ അംഗങ്ങളായ കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ;

(ഡി) സ്റ്റുഡൻസ് പോലീസ് അംഗങ്ങൾക്ക് ഭാവിയിൽ പോലീസ് സേനയിലേക്കുള്ള റിക്രൂട്ട്മെന്റിൽ പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>വനിതാ പോലീസ് സ്റ്റേഷനുകള്‍</u>

232 ശ്രീ.എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര വനിതാ പോലീസ് സ്റ്റേഷനുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകള്‍ ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ;

(സി) എത്ര വനിതാ പോലീസ് സ്റ്റേഷനുകള്‍ കൂടി ആരംഭിക്കുന്നതിനുള്ള ശുപാര്‍ശ നിലവിലുണ്ടെന്നും ആയത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) വനിതാ പോലീസ് സ്റ്റേഷനുകള്‍ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>പോലീസിൽ വനിതാ ഡ്രൈവർമാർ</u>

233

ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസ്സുകൾ ഉൾപ്പെടെയുള്ള ഹെവി വാഹനങ്ങൾ വനിതകൾ ഓടിക്കുമ്പോൾ, വനിതാ പോലീസ് സ്റ്റേഷനുകളിലും അവർ ഉപയോഗിക്കുന്ന പോലീസ് വാഹനങ്ങൾക്കും വനിതാ ഡ്രൈവർമാരെ ഏർപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇതിനായി വനിതാ പോലീസിൽ നിന്നും ഡ്രൈവിംഗ് അറിയുന്നവരെ തെരഞ്ഞെടുത്ത് പ്രസ്തുത ജോലി ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

തിരുവല്ലയിലെ ജനമൈത്രി പോലീസ് സംവിധാനം

234 ശ്രീ. മാത്യൂ. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിൽ ജനമൈത്രി പോലീസ് സംവിധാനം നിലവിലുണ്ടോ;

(ബി) ആയതിന്റെ ജനകീയ കമ്മിറ്റി അവസാനം കൂടിയ തീയതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് ബീറ്റ് ആഫീസർമാർ ലഭ്യമാണോ; ഇല്ലെങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ റൂറൽ പോലീസ് കൺട്രോൾ റൂം</u>

235 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ റൂറൽ പോലീസ് കൺട്രോൾ റൂം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ; നാളിതുവരെയായി കൺട്രോൾ റൂം അനുവദിക്കാത്തതെന്തുകൊണ്ടാണ്;

(ബി) റൂറൽ ജില്ലയിൽ പോലീസ് കൺട്രോൾ റൂം ആരംഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മങ്കട മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ പുന:ക്രമീകരണം</u>

236 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മങ്കട മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധികള്‍ പുനഃക്രമീകരിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കില്‍ ഇത് വരെ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പുളിക്കീഴ് പൊലീസ് സ്റ്റേഷൻ കെട്ടിടം പുതുക്കി പണിയൽ</u>

237 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുളിക്കീഴ് പൊലീസ് സ്റ്റേഷൻ കെട്ടിടം പുതുക്കി പണിയുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്നു വിശദമാക്കാമോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(സി) കെട്ടിടം പണിയുടെ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കൊപ്പം ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ</u>

238

ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏറ്റവും വിസ്തൃതമായ അധികാര പരിധിയുള്ള പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദീകരിക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

ഫറോക്ക്, നല്ലളം പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങൾ അലക്ഷ്യമായി സൂക്ഷിക്കുന്നത്

239 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫറോക്ക്, നല്ലളം പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള പോലീസ് സ്റ്റേഷനുകളുടെ മുൻവശത്തെ റോഡുകളിൽ വിവിധ കേസ്സുകളിൽ പിടിക്കപ്പെട്ട വാഹനങ്ങൾ അപകടകരമായും അലക്ഷ്യമായും ഇട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടങ്ങളിൽ വാഹനാപകടങ്ങൾ ഉണ്ടാകുന്നതും ആളുകൾ മരണപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വാഹനങ്ങൾ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

അങ്കമാലിയിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ

240 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി, കാലടി, നെടുമ്പാശ്ശേരി സർക്കിൾ സ്റ്റേഷനുകളുടെ കീഴിൽ ഐ.പി.സി. 279, 337, 338, 304(എ) തുടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരം വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങളും ട്രാഫിക് കുറ്റകൃത്യങ്ങളും ഗതാഗതകുരുക്കും കണക്കിലെടുത്ത് എം.സി. റോഡും ദേശീയപാതയും സംഗമിക്കുന്ന അങ്കമാലിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ റിപ്പോർട്ടിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

വാഹനപാർക്കിംഗ് മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

241 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡിന്റെ വശങ്ങളിൽ മറ്റ് വാഹനങ്ങൾക്ക് തടസ്സമുണ്ടാക്കും വിധവും അപകടങ്ങൾ ഉണ്ടാക്കും വിധവും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനാൽ റോഡപകടങ്ങൾ കൂടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വാഹനങ്ങൾ കുറുകെയുള്ള മറ്റ് റോഡുകളിലേക്ക് കടക്കുമ്പോൾ അപ്രകാരമുള്ള റോഡുകളിൽ ഡ്രൈവർമാർക്ക് കാഴ്ചമറയ്ക്കും വിധം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ഉണ്ടായിട്ടുള്ള അപകടങ്ങളും അത്തരം അപകടങ്ങളിൽ മരണമടഞ്ഞവരും എത്രയാണെന്നു അറിയിക്കാമോ;

(സി) ഇത്തരം അപകടങ്ങൾ ഒഴിവാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; റോഡപകടങ്ങൾ ഉണ്ടാക്കുംവിധം വാഹനങ്ങൾ പാർക്ക് ചെയ്യുന്ന ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

റോഡപകടങ്ങളുടെ വിവരങ്ങൾ

242 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ റോഡപകടങ്ങളെത്തുടർന്ന് മരണപ്പെട്ടവരുടേയും പരിക്ക് പറ്റിയവരുടേയും കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് പ്രത്യേകം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ അപകടങ്ങളിൽ മരണപ്പെട്ടവരുടെ വിവരം</u>

243 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ വാഹനാപകടത്തിലും മറ്റ് അപകടങ്ങളിലുമായി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ മരണപ്പെട്ടവർ എത്ര പേരെന്ന് വ്യക്തമാക്കാമോ;

(ബി) മരണപ്പെട്ടവരുടെ പേര് വിവരവും വിലാസവും മറ്റ് വിവരങ്ങളും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

വാഹന പരിശോധനയ്ക്കിടെ ഉണ്ടായ അപകടങ്ങൾ

244 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വാഹന പരിശോധന, ഹെൽമറ്റ് പരിശോധന എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടായ അപകടങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; ഇവരുടെ പേരും, പോലീസ് സ്റ്റേഷൻ അതിർത്തികളും അപകട സ്ഥലവും വ്യക്തമാക്കുമോ;

(ബി) അപകടങ്ങൾക്ക് കാരണക്കാരായ പോലീസുകാരുടെ പേരിൽ കൊലകുറ്റത്തിന് കേസ്സെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കുറ്റമാണ് ഇവരുടെ പേരിൽ ചുമത്തിയിട്ടുള്ളത്. എത്ര പോലീസുകാരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അപകടങ്ങളിൽ മരിച്ചവരുടെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) വാഹന പരിശോധനയുടെ പേരിലുള്ള അപകടങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കേരള പോലീസിന് അന്വേഷണ -ക്രമ സമാധാന വിഭാഗങ്ങള്‍</u>

245 ശ്രീ. എം. പി. വിന്‍സെന്റ്
'' എ. റ്റി. ജോര്‍ജ്
'' ഡൊമിനിക് പ്രസന്റേഷന്‍
'' പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള പോലീസില്‍ അന്വേഷണ വിഭാഗം പുതിയതായി രൂപികരിക്കുമോ;

(ബി) ഇതിനുള്ള നടപടി ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) ക്രമസമാധാനം, അന്വേഷണം ഇവ വേര്‍തിരിക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പോലീസ് സേനയെ വിഭജിക്കുവാൻ നടപടി</u>

246 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയെ ക്രമസമാധാന പാലന വിഭാഗം, കുറ്റന്വേഷണ വിഭാഗം എന്നിങ്ങനെ വിഭജിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ എന്നും പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നോ എന്നും റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

പോലീസ് സേനയ്ക്ക് ഇൻഷുറൻസ്

247 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനാ വിഭാഗങ്ങൾക്ക് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതലാണ് നടപ്പിലാക്കുന്നത് ;

(സി) സേനാവിഭാഗങ്ങളുടെ കുടുംബാംഗങ്ങളെ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പ്രീമിയം അടയ്ക്കേണ്ടത് ആർക്കൊക്കെയാണെന്നും ഇൻഷുറൻസിന്റെ എന്തൊക്കെ ഗുണങ്ങൾ ആണ് സേനാ വിഭാഗങ്ങൾക്ക് ലഭിക്കുക എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>സമരത്തിൽ പങ്കെടുത്ത ജീവനക്കാർക്കെതിരെയുള്ള കേസ്സുകൾ</u>

248 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി 8 മുതൽ നടന്ന സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്കിനെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ഇനിയും പിൻവലിക്കാത്ത എത്ര കേസ്സുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് ഇപ്പോഴും സസ്പെൻഷനിലോ മറ്റേതെങ്കിലും ശിക്ഷാ നടപടികളിലോ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ;

(സി) പണിമുടക്കുമായി ബന്ധപ്പെട്ട് പ്രതികാര നടപടികൾ സ്വീകരിക്കുകയില്ലെന്ന സർക്കാർ ഉറപ്പ് പാലിച്ചുകൊണ്ട് ഇവർക്കെതിരെയുള്ള ശിക്ഷണ നടപടികൾ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>കൊല്ലം ജില്ലയിലെ പോലീസ് സേനയിലെ ഒഴിവുകൾ</u>

249 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം സിറ്റി, റൂറൽ ജില്ലകളിൽ നിലവിലുള്ള ഹെഡ് കോൺസ്റ്റബിൾ, സിവിൽ പോലീസ് ആഫീസർമാർ എന്നിവരുടെ ഒഴിവുകളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) കൊല്ലം ജില്ലയിലെ പോലീസ് സേനയിൽ നിന്നും 2013 -ൽ റിട്ടയർ ചെയ്തവരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വേക്കൻസികളിലേയ്ക്ക് ബറ്റാലിയൻ മുഖാന്തിരമുള്ള മുഴുവൻ ഒഴിവുകളും നികത്താത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിലെ ചട്ടപ്രകാരമല്ലാത്ത സ്ഥലം മാറ്റം</u>

250 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ സ്ഥലമാറ്റത്തിൽ ചട്ട ലംഘനം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു തസ്തികയിൽ രണ്ടു വർഷം പൂർത്തിയാക്കാത്ത വരെ സ്ഥലം മാറ്റെരുതെന്ന കേരളപോലീസ് ആക്ടിലേയും കേന്ദ്രസർക്കാർ പുറപ്പെടുവിച്ച സർവ്വീസ് ചട്ടത്തിന്റെയും ലംഘനം നടത്തി കണ്ണൂർ, വയനാട്, തൃശ്ശൂർ റൂറൽ എസ്.പി മാരെ സ്ഥലം മാറ്റിയത് ഏത് സാഹചര്യത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) ഇത്തരം സ്ഥലമാറ്റങ്ങൾ സേനയിൽ അതൃപ്തിക്ക് കാരണമായിട്ടുണ്ടെന്നതിൽ വാസ്തവമുണ്ടോ; ഉണ്ടെങ്കിൽ സേനയെ ഒറ്റക്കെട്ടായി നിർത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ചങ്ങനാശ്ശേരി ഫയർ സ്റ്റേഷൻ</u>

251 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ഫയർ സ്റ്റേഷനിൽ വിവിധ തസ്തികകളിലായി എത്ര പേർ സേവനമനുഷ്ഠിക്കുന്നുണ്ട്;

(ബി) ഏതെങ്കിലും തസ്തികയിൽ ഒഴിവ് നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അപകടസ്ഥലങ്ങളിൽ നിന്നും അപകടത്തിൽപെട്ടവരെ കൊണ്ടുവരുവാൻ ചങ്ങനാശ്ശേരി ഫയർ സ്റ്റേഷനിൽ ആംബുലൻസോ ചെറിയ വാഹനമോ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത ഫയർ സ്റ്റേഷനിൽ എത്ര ഫയർ എഞ്ചിനുകൾ ഉണ്ട്;

(ജി) പഴയ വാട്ടർ ലോറി ലേലം ചെയ്തുകൊടുത്തതിനു ശേഷം പുതിയ വാഹനം അനുവദിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മാവേലിക്കരയിൽ ഫയർ സ്റ്റേഷന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ</u>

252

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനാവശ്യമായ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) മാവേലിക്കര ഫയർസ്റ്റേഷന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഫയർസ്റ്റേഷന് അത്യന്താധുനികമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) മാവേലിക്കരയിൽ വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കുന്ദമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ</u>

253 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ അതിർത്തിയിൽ കുന്ദമംഗലത്ത് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവിടെ ആഭ്യന്തര വകുപ്പിന്റെ കൈവശമുള്ള കുന്ദമംഗലം വില്ലേജിലെ റി.സ 484/2-ൽപ്പെട്ട സ്ഥലം ഫയർസ്റ്റേഷൻ നിർമ്മാനത്തിന് ഉപയോഗപ്പെടുത്തുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പട്ടാമ്പിയിലെ ഫയർ സ്റ്റേഷൻ നിർമ്മാണം</u>

254

ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനും താൽക്കാലികമായി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിൽ ആവശ്യത്തിനുള്ള ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനും അനുമതി ലഭിക്കാൻ കാലതാമസമുണ്ടായിട്ടുണ്ടോ;

(ബി) സ്ഥിരമായ കെട്ടിടം ഉണ്ടാകുന്നതുവരെ താത്ക്കാലികമായി പട്ടാമ്പി പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിൽ ഫയർ സ്റ്റേഷൻ ഉടനടി തുടങ്ങുവാനുള്ള നടപടി കൈക്കൊള്ളുമോ;

(സി) ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം</u>

255 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂരിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുവാൻ ലഭിച്ച അപേക്ഷയിന്മേലുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ കാലതാമസം ഒഴിവാക്കി നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ;

(സി) പരവൂർ ഫയർ സ്റ്റേഷനിൽ നിലവിലുള്ള വാഹനങ്ങളുടെ കാലപ്പഴക്കവും കാര്യക്ഷമതയില്ലായ്മയും കണക്കിലെടുത്ത് പുതിയ വാഹനങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ

256 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിസഭയിലെ മുഖ്യമന്ത്രി അടക്കമുള്ള എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്; ഇവർ ആരെല്ലാം; വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ എത്ര മന്ത്രിമാരുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്താൻ വിവിധ വിജിലൻസ് കോടതികൾ ഉത്തരവിട്ടിട്ടുണ്ട്;

(സി) ഇവർ ആരെല്ലാമെന്നും ഓരോ മന്ത്രിമാരുടെ പേരിലും എത്ര വിജിലൻസ് അന്വേഷണം വീതം നടക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) മറ്റേതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിൽ മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) ഈ കാലയളവിൽ ഈ മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>വിജിലൻസ് കേസുകളുടെ എണ്ണം</u>

257 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് അന്വേഷണത്തിന് കൈമാറിയ കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ സർക്കാർ പിൻവലിച്ച വിജിലൻസ് കേസ്സുകളുടെ എണ്ണവും കേസ്സ് സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

(സി) പിൻവലിക്കുന്നതിനായി സർക്കാർ പരിഗണനയിലുള്ള കേസ്സുകളുടെ എണ്ണവും അവ സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

(ഡി) നിലവിൽ വിജിലൻസിന്റെ പരിഗണനയിലുള്ള തീർപ്പാകാത്ത കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

വിജിലൻസ് റെയ്ഡുകൾ സംബന്ധിച്ച വിവരം

258 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) വിവിധ സർക്കാർ വകുപ്പുകളിൽ വിജിലൻസ് നടത്തിയ റെയ്ഡുകളുടെ എണ്ണം തരം തിരിച്ച് ലഭ്യമാക്കുമോ;

(സി) വിജിലൻസ് റെയ്ഡിൽ അഴിമതി കണ്ടെത്തിയ ഓഫീസുകളുടേയും സ്ഥാപനങ്ങളുടെയും വ്യക്തികളുടേയും വിവരം ലഭ്യമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ഐ.എ.എസ്, ഐ.പി.എസ്.ഐ.എഫ്.എസ്. ഉദ്യോഗസ്ഥര്‍ക്കെതിരെയുള്ള വിജിലന്‍സ് അന്വേഷണം</u>

259 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം എത്ര ഐ.എ.എസ്/ഐ.പി.എസ്/ഐ.എഫ്.എസ് റാങ്കിലുള്ള ഉദ്യോഗസ്ഥര്‍ക്കെതിരെ വിജിലന്‍സ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്; ബന്ധപ്പെട്ടവരുടെ പേരുള്‍പ്പെടെയുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) വരവില്‍ കവിഞ്ഞ സ്വത്ത് സമ്പാദനത്തിന് സര്‍ക്കാര്‍ സര്‍വ്വീസിലെ എത്ര ഉദ്യോഗസ്ഥര്‍ വിജിലന്‍സ് അന്വേഷണം നേരിടുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇതില്‍ ഉള്‍പ്പെടുന്നഐ.എ.എസ്/ഐ.പി.എസ്/ഐ.എഫ്.എസ് ഉദ്യോഗസ്ഥരും മറ്റ് ഉന്നത ഉദ്യോഗസ്ഥരും ആരെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥര്‍ക്കെതിരെയാണ് കൂടുതല്‍ വിജിലന്‍സ് കേസ്സുകള്‍ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ഫിഷറീസ് ഓഫീസ് പരിശോധന

260 ശ്രീ. എ.കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകാനുള്ള നഷ്ട പരിഹാരത്തുക വിതരണം ചെയ്ത എറണാകുളത്തെ ഫിഷറീസ് ഓഫീസിൽ വിജിലൻസ് മിന്നൽ പരിശോധന നടത്തി എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) കോട്ടപ്പുറം മുതൽ അരൂർ വരെ ഭാഗങ്ങളിൽ നിന്ന് ചീനവല, ഊന്നിവല എന്നിവ മാറ്റിയപ്പോൾ അർഹരായ കർഷകർക്ക് ലഭിയ്ക്കേണ്ട ആനുകൂല്യം ഇല്ലാത്ത സൊസൈറ്റിയുടെ പേരിൽ തട്ടിയെടുത്തവരിൽ നിന്ന് ഈടാക്കാനും അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>മുൻ മുഖ്യമന്ത്രിയുടെ ബന്ധുവിന് ഭൂമി അനുവദിച്ച കേസ്</u>

261 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ചുള്ള കേസ്സിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാം എതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കുറ്റക്കാരെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തെ തടവുകാരെ സംബന്ധിച്ചുള്ള വിവരം</u>

262 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിലവിൽ എത്ര തടവുകാരാണുള്ളത്; ഇതിൽ സ്ത്രീ തടവുകാർ, പുരുഷ തടവുകാർ എന്നിവരുടെ എണ്ണം തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ ജയിലുകളിൽ തടവിൽ കഴിയുന്ന അന്യസംസ്ഥാനക്കാർ, അന്യരാജ്യക്കാർ എന്നിവരുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

തടവുകാരുടെ ക്ഷേമവും  ജയിലുകളുടെ സുരക്ഷയും

263 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടവുകാരുടെ ക്ഷേമത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ജയിലുകളുടെ സുരക്ഷയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) സുരക്ഷ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 09.06.2014–ലെ മറുപടിക്ക്

<u>കരുതൽ തടങ്കലിൽ പാർപ്പിച്ചവരുടെ എണ്ണം</u>

264 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയൽ നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>വിചാരണതടവുകാരുടെ വിവരങ്ങൾ</u>

265 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ജയിലുകളിലായി എത്ര വിചാരണ തടവുകാരെ പാർപ്പിച്ചിട്ടുണ്ട്; ഏതെല്ലാം ജയിലിൽ എത്ര പേർ വീതമാണെന്ന് വ്യക്തമാക്കമോ;

(ബി) ഇവരിൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റം എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇവർ എത്ര വർഷമായി ജയിൽ വാസം അനുഭവിക്കുന്നുവെന്ന് വ്യക്തമാക്കമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>കാസറഗോഡ് ജില്ലയിലെ ജയിലുകളിലെ ജീവനക്കാരുടെയും തടവുപുള്ളികളുടെയും എണ്ണം</u>

266

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ വിവിധ ജയിലുകളിലെ ജീവനക്കാരുടെ എണ്ണം, ജയിൽ, തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ ലഭ്യമാക്കാമോ;

(ബി) ഓരോ ജയിലിലും നിലവിലുള്ള തടവുപുള്ളികളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) ചീമേനി തുറന്ന ജയിലിൽ തടവുപുള്ളികളെ ഉപയോഗിച്ച് നിർമ്മിച്ച് വിതരണം ചെയ്ത ചപ്പാത്തി, ചെങ്കല്ല്, പച്ചക്കറികൾ എന്നിവയുടെ കണക്കുകളും വരുമാനവും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം</u>

267 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്, ആലപ്പുഴ ജില്ലാ ജയിലിനോട് ചേർന്ന് പോലീസ് വകുപ്പിന്റെ അധീനതയിലുളള സ്ഥലം ജയിൽ വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അമ്പലപ്പുഴ എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പോലീസ് വകുപ്പിൽ നിന്നും സ്ഥലം ലഭ്യമായാൽ ജില്ലാ ജയിലിന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ച് ഭരണാനുമതി അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ?